(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാരിന്റെ വിവിധയിനം ക്ഷേമപ്രവർത്തനങ്ങൾ നടത്തുന്നതിന് എന്തെല്ലാം ആനുകൂല്യങ്ങൾ നൽകിയെന്നും ഓരോന്നിനും എന്തൊക്കെ തുക അനുവദിച്ചുവെന്നും വെളിപ്പെടുത്തുമോ ;

(സി) വിവിധയിനം ക്ഷേമപദ്ധതികൾക്ക് യോഗ്യരായവരെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം നിശ്ചയിക്കുന്നതിനുള്ള അധികാരം സർക്കാരിനാണോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണോയെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കൃഷി, മൃഗസംരക്ഷണം, മത്സ്യബന്ധനം, വ്യവസായം, സാമൂഹ്യക്ഷേമം, ആരോഗ്യം (ഹോമിയോ, ആയുർവേദം ഉൾപ്പെടെ) പൊതുവിദ്യാഭ്യാസം, സഹകരണം, പട്ടികജാതി വികസനം എന്നീ വകുപ്പുകളിലെ വിവിധ പ്രവർത്തനങ്ങളാണ് സംസ്ഥാനത്തെ നഗരസഭകൾക്ക്/മുനിസിപ്പാലിറ്റികൾക്ക് നൽകിയിട്ടുള്ളത്. ഗ്രാമപഞ്ചായത്തുകൾ കൃഷി, മൃഗസംരക്ഷണം, ചെറുകിട ജലസേചനം, മത്സ്യബന്ധനം, ചെറുകിട വ്യവസായങ്ങൾ, സാമൂഹ്യവനവൽക്കരണം, ഹൗസിംഗ്, പൊതുവിദ്യാഭ്യാസം, സാമൂഹ്യക്ഷേമം, പൊതുജനാരോഗ്യം, പട്ടികജാതി/പട്ടികവർഗ്ഗം, തൊഴിൽ, സിവിൽസപ്ലൈസ്, റവന്യൂ എന്നീ വകുപ്പുകളിലെ വിവിധ ക്ഷേമവികസന പ്രവർത്തനങ്ങളാണ് നടത്തുന്നത്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) സംസ്ഥാനാവിഷ്കൃത പദ്ധതികളിൽ സർക്കാരിനാണ് അധികാരം. എന്നാൽ കേരള വികസന പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിനുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം നിശ്ചയിക്കാൻ സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച്, വാർഡ്തല-ഗ്രാമസഭകൾക്ക് അധികാരമുണ്ട്.

കേരള വികസന പദ്ധതി

98 (3052) ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ത്രിതല പഞ്ചായത്ത് പദ്ധതികൾക്ക് കേരള വികസന പദ്ധതി എന്ന നാമകരണം എന്നു മുതലാണ് നടത്തിയത് ;

(ബി) ഇത് നടപ്പിലായതിനുശേഷവും ചില സർക്കാർ ഉദ്യോഗസ്ഥർ ഔദ്യോഗിക പരിപാടിയുടെ ക്ഷണക്കത്തുകളിൽ 'ജനകീയാസൂത്രണം' എന്ന് അച്ചടിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) തൃശൂർ ജില്ലയിലെ ചൊവ്വന്നൂർ ബ്ലോക്ക് ഐ.സി.ഡി.എസ്. ഓഫീസർ ഔദ്യോഗിക പരിപാടിയുടെ ക്ഷണക്കത്തിൽ ജനകീയാസൂത്രണ പദ്ധതി എന്ന് അച്ചടിച്ച് വിതരണം ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അവരുടെ പേരിൽ നടപടി സ്വീകരിക്കുവാൻ സർക്കാർ തയ്യാറാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 30-10-2002-ലെ ജി.ഒ.(പി)208/2002/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരമാണ് 'കേരള വികസന പദ്ധതി' എന്ന് പേര് സ്വീകരിച്ചത്.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) മേലിൽ ഇപ്രകാരം സംഭവിക്കാതിരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

ഓംബുഡ്സ്മാനിൽ പരാതി നൽകിയതിനെത്തുടർന്ന് നടത്തിയ വിധിന്യായം

99 (3053) ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂർ മണ്ഡലത്തിലെ കല്ലുവാതുക്കൽ പഞ്ചായത്തിലെ ഒരംഗം, പഞ്ചായത്ത് നൽകിയ ലൈസൻസിന് വിരുദ്ധമായി അനധികൃത നിർമ്മാണം നടത്തിയെന്ന് കാണിച്ച് ഓംബുഡ്സ്മാനിൽ നൽകിയ പരാതിയിൽ പരാതിക്കാരനെ അയോഗ്യനാക്കിക്കൊണ്ടും പതിനായിരം രൂപ പിഴയിട്ടുകൊണ്ടും ഓംബുഡ്സ്മാൻ വിധി പ്രസ്താവിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ ഇതുസംബന്ധിച്ച് സർക്കാർ ഉത്തരവിറക്കുകയോ അപ്പീൽ പോകുവാൻ ഉദ്ദേശിക്കുകയോ ചെയ്യാൻ ഉദ്ദേശമുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അപ്പീൽ പോകുവാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല.

പട്ടികജാതി വിഭാഗത്തിൽപ്പെട്ട വനിതകളുടെ വിവാഹത്തിന് ധനസഹായം

100 (3054) ശ്രീ. ഉമേഷ് ചള്ളിയിൽ :
ശ്രീ. കെ. കെ. ഷാജു :
ശ്രീ. എ. എൻ. രാജൻ ബാബു :
ശ്രീ. ജോണി നെല്ലൂർ :
ശ്രീ. ഷിബു ബേബിജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട വനിതകളുടെ വിവാഹത്തിന് തദ്ദേശസ്വയംഭരണ വകുപ്പുവഴി വിതരണം ചെയ്തിരുന്ന ധനസഹായം രണ്ടു വർഷമായി മുടങ്ങിക്കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത തുക അടിയന്തിരമായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly